സ്പോർട്ട്സ് കൗട്ടായിൽ നിയമനം

196(3125)ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്ട്സ് കൗട്ടായിൽ കായിക താരങ്ങൾക്ക് സർക്കാർ അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിൽ നൽകുന്ന നിയമനങ്ങളിൽ കളരി പ്പയറ്റ്, മൗണ്ടനീയറിംഗ്, വെയ്റ്റ് ലിഫ്റ്റ്, കരാട്ടെ, കുങ്ഫു എന്നീ ഇനങ്ങ ളിൽപ്പെട്ട കായികതാരങ്ങൾക്ക് എത്ര ശതമാനം വീതം നിയമനമാണ് നൽകു ന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സ്പോർട്ട്സ് കൗട്ടായിൽ കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരം കേരള സ്പോർട്ട്സ് കൗൺസിൽ അംഗീക രിച്ചിട്ടുള്ള ഒളിമ്പിക്, നോൺ-ഒളിമ്പിക് ഇനങ്ങളിൽപ്പെട്ട സ്പോർട്ട്സ്/ ഗെയിംസ് ഇനങ്ങളാണ് പരിഗണിക്കുന്നത്. കരാട്ടെ, കുങ്ഫു എന്നിവയ്ക്ക് അംഗീകാരമില്ല. കളരിപ്പയറ്റ്, മൗണ്ടനീയറിംഗ് എന്നിവ സ്പോർട്ട്സ് കൗൺ സിൽ അംഗീകരിച്ചിട്ടുള്ള നോൺ-ഒളിമ്പിക് ഇനങ്ങളും വെയ്റ്റ് ലിഫ്റ്റിംഗ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള ഒളിമ്പിക് ഇനവുമാണ്. ഓരോ സ്പോർട്ട്സ്/ ഗെയിംസ് ഇനത്തിൽ നിന്നും നിയമനം നൽകുന്നതിന് ശതമാന കണക്ക് നിശ്ചയിച്ചിട്ടില്ല.

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്ട്സ് കൗട്ടായിൽ കായിക താരങ്ങളെ നിയമിക്കുന്നത് സംബന്ധിച്ച് പൊതുവായ വ്യവസ്ഥകൾ ഒന്നും തന്നെ നിലവിലില്ല. എന്നാൽ ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ ഫുട്ബാൾ, വോളീബോൾ തുടങ്ങിയ ചില പ്രത്യേക കായിക ഇനങ്ങളുടെ വികാസത്തിനായി തനത് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലവിലുള്ള സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് എല്ലാ സ്ഥാപനങ്ങൾക്കും ബാധകമാകത്തക്ക രീതിയിൽ ഒരു പൊതുപദ്ധതി ആവി ഷ്ക്കരിക്കുന്നത് അഭികാമ്യമല്ല. മേൽപ്പറഞ്ഞ കാരണങ്ങളാൽ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ കളരിപ്പയറ്റ്, മൗണ്ടനീയറിംഗ്, കരാട്ടെ മുത ലായ ഇനങ്ങളിൽ പ്രഗൽഭരായ കായികതാരങ്ങൾക്കായി ഒരു നിശ്ചിത ശത മാനം റിസർവ് ചെയ്യുക പ്രായോഗികമല്ല.

തൊഴിൽ രഹിതർ

197 (3126)ശ്രീ. കെ. എ. ചന്ദ്രൻ :

ശ്രീമതി രാധാമാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോ ഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് നിലവിൽ വരുമ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ ലൈവ് രജിസ്റ്ററനുസരിച്ച് തൊഴിലില്ലാത്തവരായി എത്ര പേരുണ്ടായിരുന്നു;

(ബി) 1999 മാർച്ച് 31-ാം തീയതിയിലെ കണക്കനുസരിച്ച് തൊഴിലില്ലാ ത്തവർ എത്രപേരുണ്ടായിരുന്നു;

(സി) ഇവരിൽ എസ്.എസ്.എൽ.സി. ക്കാർ എത്ര; അതിൽ താഴെ വിദ്യാഭ്യാസ യോഗ്യതയുള്ളവർ എത്ര;

LIBRARY ARCHIVES Kerala Legislative Assembly